LIBRARY·ARCHIVES Kerala Legislative Assembly

സംസ്ഥാനത്തെ പേപ്പർമിൽ തൊഴിലാളികൾക്ക് മിനിമം കൂലി നിശ്ചയിച്ചു നൽകുന്നതിന് നടപടി

244 (952) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ പേപ്പർ മിൽ തൊഴിലാളികൾക്ക് മിനിമം കൂലി നിശ്ചയിച്ചു നൽകുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ വിശദവിവരം അറിയിക്കുമോ ;

(ബി) ഇല്ലെങ്കിൽ മിനിമം കൂലി നിശ്ചയിച്ചു നൽകുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ&ബി) സംസ്ഥാനത്തെ പേപ്പർ വ്യവസായത്തിൽ ജോലി ചെയ്യുന്ന തൊഴിലാളികൾക്ക് മിനിമം വേതനം നിശ്ചയിക്കുന്നതിനുള്ള ആദ്യപടിയായി സർക്കാർ ടി വ്യവസായത്തെ 31-12-2012-ലെ ജി.ഒ. (എംഎസ്.) നമ്പർ 177/2012/ തൊഴിൽ നമ്പർ ഉത്തരവ് പ്രകാരം 1948-ലെ മിനിമം വേതന നിയമത്തിന്റെ പട്ടികയിൽ ഉൾപ്പെടുത്തി ടി തൊഴിൽ മേഖലയിൽ മിനിമം വേതനം നിശ്ചയിക്കുന്നതിനായി മിനിമം വേതന ഉപദേശക സമിതിയെ ചുതലപ്പെടുത്തിയിട്ടുള്ളതും ആയതിൻമേൽ മിനിമം വേതന ഉപദേശക സമിതി നടപടികൾ ആരംഭിച്ചിട്ടുള്ളതുമാണ്.

അന്യസംസ്ഥാന തൊഴിലാളി രജിസ്ട്രേഷൻ

245 (953) ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ജോലി തേടിയെത്തുന്ന അന്യസംസ്ഥാന തൊഴിലാളികളുടെ എണ്ണം ക്രമാതീതമായി വർദ്ധിച്ചുവരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ പ്രസ്തുത തൊഴിലാളികൾക്ക് തൊഴിൽ വകുപ്പിന്റെ രജിസ്ട്രേഷൻ ഏർപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ ;

(ബി) കേരളത്തിൽ നിലവിൽ ഓരോ ജില്ലയിലും ജോലി ചെയ്യുന്ന അന്യസംസ്ഥാന തൊഴിലാളികളുടെ കൃത്യമായ കണക്ക് വകുപ്പിന്റെ പക്കൽ ഉണ്ടോ ; എങ്കിൽ ജില്ലതിരിച്ചുള്ള കണക്ക് വ്യക്തമാക്കുമോ ;

(സി) ഇവരെ തൊഴിലിനായി കൊണ്ടുവരുന്ന കരാറുകാർക്ക് ലൈസൻസ് നൽകിയിട്ടുണ്ടോ ; വിശദമാക്കുമോ; ഇല്ലെങ്കിൽ ആയതിന് നടപടി സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഉണ്ട്. കേരളത്തിൽ വിവിധ മേഖലകളിൽ പണിയെടുക്കുന്ന അന്തർ സംസ്ഥാന തൊഴിലാളികളെ കേരള ബിൽഡിംഗ് ആന്റ് അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫെയർ ഫണ്ട് ബോർഡിനുകീഴിലുള്ള കേരള കടിയേറ്റ തൊഴിലാളി ക്ഷേമ പദ്ധതി 2010-പ്രകാരം രജിസ്റ്റർ ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. നാളിതുവരെ 47264 തൊഴിലാളികൾ (ഒക്ടോബർ 31 വരെ) രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(ബി) ഉണ്ട്. കേരള ബിൽഡിംഗ് ആന്റ് അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫയർ ഫണ്ട് ബോർഡിനു കീഴിലുള്ള കേരള കടിയേറ്റ തൊഴിലാളി ക്ഷേമപദ്ധതിയിൽ രജിസ്റ്റർ ചെയ്തിട്ടുള്ള അന്തർ സംസ്ഥാന തൊഴിലാളികളുടെ ജില്ല തിരിച്ചുള്ള എണ്ണം ചുവടെ ചേർക്കുന്നു :

തിരുവനന്തപുരം	1665
കൊല്ലം	985
പത്തനംതിട്ട	2287
ആലപ്പുഴ	2264
കോട്ടയം	2709
ഇടുക്കി	1107
എറണാകുളം	7654
തൃശ്ശൂർ	3563
പാലക്കാട്	3180
മലപ്പുറം	2562
കോഴിക്കോട്	4099
വയനാട്	5230
കണ്ണൂർ	5926
കാസർഗോഡ്	4033

(ബി) അന്തർ സംസ്ഥാന തൊഴിലാളികളെ തൊഴിലിനായി കൊണ്ടുവരുന്ന കരാറുകാർക്ക് തൊഴിൽ വകുപ്പ് മുഖേന അന്തർ സംസ്ഥാന കുടിയേറ്റ തൊഴിലാളി (തൊഴിൽ ക്രമീകരണവും, സേവന വ്യവസ്ഥയും) നിയമത്തിലെ ചട്ടം-7 പ്രകാരം നിശ്ചിത ഫീസ് നിരക്കിൽ ലൈസൻസ് നൽകി വരുന്നുണ്ട്. എസ്.ആർ.ഒ. നമ്പർ 42/98 നോട്ടിഫിക്കേഷന്റെ അടിസ്ഥാനത്തിൽ ഓരോ ജില്ലയിലും അതാത് ജില്ലാ ലേബർ ഓഫീസർ (ഇൻഫോഴ്സ്മെന്റ്)-മാരും സംസ്ഥാനതലത്തിൽ ജില്ലാ ലേബർ ആഫീസർ (ആസ്ഥാനം)-ഉം ആണ് അന്തർ സംസ്ഥാന കുടിയേറ്റ തൊഴിലാളികളെ തൊഴിലിനായി നിയോഗിക്കുന്നതിനുള്ള ലൈസൻസ് അനുവദിക്കുന്ന ഉദ്യോഗസ്ഥർ. ഇത്തരത്തിൽ 1209 കരാറുകാർക്ക് തൊഴിൽ വകുപ്പു മുഖേന ലൈസൻസ് നൽകിയിട്ടുണ്ട്. ഇപ്രകാരം 51867 തൊഴിലാളികൾ ജോലി ചെയ്തുവരുന്നു.

അന്യസംസ്ഥാന തൊഴിലാളികൾ

246 (954) ശ്രീ. കെ. എൻ. എ. ഖാദർ :താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് അന്യസംസ്ഥാന തൊഴിലാളികളുടെ രജിസ്ട്രേഷൻ നടത്തുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ;

(ബി) തൊഴിലാളികളെന്ന ഭാവത്തിൽ അന്യസംസ്ഥാനങ്ങളിൽനിന്ന് മോഷ്ടാക്കളും തീവ്രവാദികളും മറ്റും കേരളത്തിൽ എത്തുന്നതായുള്ള വാർത്തകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) എങ്കിൽ ഇത്തരക്കാരെ നിരീക്ഷിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ;

(ഡി) സംസ്ഥാനത്തെ അന്യസംസ്ഥാന തൊഴിലാളികളുടെ സമഗ്രമായ വിവരം ശേഖരിച്ച് സൂക്ഷിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി) തൊഴിൽ വകുപ്പിൽ ഇതിനുള്ള സംവിധാനം ഇല്ല.

(ഡി) സ്വീകരിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly